"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -കാസർഗോഡ് ജില്ല - സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണം -ഭരണാനുമതി ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.216/2025/DMD തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:-
1. 27.03.2018 ലെ സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി.
2. 19.02.2024 ലെ സ. ഉ. (സാധാ) നം. 208/2024/ ഡി.എം.ഡി.
3. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും 20.03.2025-ൽ ലഭിച്ച 367/VIP/M(R&H)/2025 നമ്പർ കുറിപ്പ്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കാസറഗോഡ് ജില്ലയിൽ നീലേശ്വരം ബ്ലോക്കിൽ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ 2022-2023 വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ക്ലായിക്കോട് സി. വി. സ്മാരക വായനശാല ഇക്കൈ ബണ്ട് റോഡ് പുനരുദ്ധാരണത്തിന് 10 ലക്ഷം രൂപ അനുവദിക്കുകയും എന്നാൽ പ്രസ്തുത റോഡ് പ്രവൃത്തി ചെയ്യുന്നതിനായി തടസ്സങ്ങൾ ഉള്ളതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് പകരം പ്രസ്തുത തുക ക്ലായിക്കോട് മണത്തൂർ പാലം ഇക്കൈ ബണ്ട് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി മാറ്റി അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2. പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് കാസർഗോഡ് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1 ) ലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/88/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 04-04-2025 17:15:31

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്